

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196771

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



**ICC Bulletin Vol. 10. 4** **www.iccvienna.org** **November-December: 2015**

# Message of the Chaplain

ഇത് പള്ളിക്കൂദാശക്കാലം. പള്ളിയുടെ നാഥനായ ഈശോ നമ്മിൽ ശക്തമായ പള്ളിബോധം ഉണർത്തുന്ന കാലഘട്ടം. സഭാമാതാവായ തിരുസ്സഭയുമായുള്ള നമ്മുടെ ബന്ധം സുദൃഢമാക്കാനും അവയുടെ പ്രാദേശീക കൂദാശാവേദിയായ ഇടവകയിലെ പങ്കാളിത്വം ശക്തിപ്പെടുത്താനും നമ്മുടെ ക്രൈസ്തവ വിളിക്ക് അനുസൃതമായ അവസ്ഥയേയും അന്ത്യത്തേയും നിത്യജീവിതത്തേയും സംബന്ധിച്ചുള്ള അവബോധവും, ബോദ്ധ്യവും നമ്മിൽ ഉണർത്തി കരുതലും, ജാഗ്രതയും ഉള്ളവരായിരിക്കാനും ഈയവസരത്തിൽ സഭ നമ്മെ ഓർമ്മിപ്പിക്കുന്നു.

കൃപയുടേയും, സത്യത്തിന്റേയും, ജീവന്റേയും ഉറവിടമായ കർത്താവ് നമ്മുടേയും, നമ്മുടെ കുടുംബങ്ങളുടേയും, നമ്മുടെ ഇടവകയുടേയും ഹൃദയമാകുന്ന സക്രാരിയിൽ വാസമുറപ്പിച്ച് ആരാധനാഭാവങ്ങളോടുകൂടിയ നമ്മുടെ സ്നേഹവും, വിധേയത്വവും, ആദരവും പ്രതീക്ഷിച്ച് കാത്തിരിക്കുന്നു. നമുക്ക് ആവശ്യമായ സംരക്ഷണവും, പോഷണവും നൽകുന്ന യേശുവാകുന്ന 'കൃപയുടെ സിംഹാസനത്തെ,' നമുക്ക് സമീപിക്കാം. അവിടന്ന് നമ്മെ സകലവിധ ബന്ധനങ്ങളിൽനിന്നും, കെടുതികളിൽനിന്നും, ആസക്തികളിൽനിന്നും, വിഷാദ ഭാവങ്ങളിൽനിന്നും, കോംപ്ലെക്സുകളിൽനിന്നും മോചിപ്പിച്ച് സമാധാനവും, സന്തോഷവും, ആനന്ദവും നൽകി അനുഗ്രഹിക്കും.

സ്നാപക യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നതുപോലെ, കർത്താവായ ഈശോ നമ്മെ പരിശുദ്ധാത്മാവിനാലും അഗ്നിയാലും അഭിഷേകം ചെയ്ത് സ്വന്തമാക്കിയിരിക്കുന്നു. തിരുസ്സഭയുടെ വിശുദ്ധ കദാശകളിലൂടെ പ്രത്യേകമായി പരിശുദ്ധ കുർബ്ബാനയിലൂടെ നമുക്ക് കൃപയ്ക്കുമേൽ കൃപ നൽകിക്കൊണ്ട് അതിശക്തമായ അരൂപിയിലുള്ള അഗ്നിയുടെ അഭിഷേകം നൽകി പ്രകാശത്തിന്റെ മക്കളാക്കിത്തീർക്കുന്നു. ദൈവാത്മാവിന്റെ ആലയമാക്കുന്നു. ജീവന്റെ ഉറവയാക്കുന്നു. ദൈവമക്കളാക്കുന്നു. കൗദാശിക കൃപയുടെ അഭിഷേകാഗ്നി വഹിക്കുന്നവരിൽ അതിശക്തമായ ക്രിസ്തുബോധം അടങ്ങാത്ത അന്തർദാഹമായി എരിഞ്ഞു നിൽക്കുന്നു. ഈ അഭിഷേകാഗ്നി നമ്മുടെ കുടുംബബന്ധങ്ങളേയും ഇടവക ബന്ധങ്ങളേയും ശക്തിപ്പെടുത്തിക്കൊണ്ട് നമ്മുടെ ജീവിതമാകുന്ന മുന്തിരിച്ചെടി ശക്തമായ തായ്‌വേരും ഫലദായകമായ ശാഖകളുമായി സ്വന്തം കുടുംബത്തിന്റേയും ഇടവകയുടേയും ഹൃദയതന്ത്രികളിലൂടെ ഒഴുകിയെത്തുന്ന കൃപയുടെ ഊർജ്ജം നുകർന്ന് തലമുറ തലമുറകളോളം അനുഗ്രഹിതമായിത്തീരുന്നു. ദൈവരാജ്യത്തിന്റെ മക്കളും അവകാശികളുമാകുന്നു.

നമ്മുടെ ഇടവക ദേവാലയത്തിന്റെ കേന്ദ്രസ്ഥാനമായ വിശുദ്ധ മദ്ബഹായിൽ സന്നിധിചെയ്യുന്ന പരിശുദ്ധ കുർബ്ബാനയും, വിശുദ്ധ കുരിശും, വിശുദ്ധ ബലിപീഠവും നമുക്ക് സമീപസ്ഥമാക്കുന്ന നമ്മുടെ വിശ്വാസ പാരമ്പര്യത്തിന്റേയും, പൈതൃക ആരാധനാ സംസ്ക്കാരത്തിന്റേയും ഗന്ധമുള്ള കർത്താവായ ഈശോ നമ്മെ ആശ്വസിപ്പിക്കാനും അനുഗ്രഹിക്കാനും നമുക്കുവേണ്ടി കാത്തിരിക്കുന്നു. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. രാവും പകലും തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് സ്വർഗ്ഗസ്ഥനായ പിതാവ് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകി ശക്തിപ്പെടുത്തുമെന്ന കർത്താവിന്റെ വാഗ്ദാനം ഓർക്കുക. സങ്കീർത്തകൻ പ്രഘോഷിക്കുന്നു: നീ നിന്റെ സകല ഭാരവും കർത്താവിനെ ഏല്പിക്കുക. അവിടന്ന് നിന്നെ കാത്തുകൊള്ളും. ആകയാൽ നീ ഭയപ്പെടേണ്ട. ഞാൻ നിന്റെ കൂടെയുണ്ട്. നമ്മുടെ കൂടെയുള്ളത് നമ്മുടെ സഹായകനായ പരിശുദ്ധാത്മാവാണ്.

ആശ്വാസദായകനായ ഈ വാഗ്ദാനനാഥൻ നമ്മുടെ സ്വന്തം ഇടവകയുടെ ഹൃദയമാകുന്ന ശ്രീകോവിലിൽ നമുക്കായി കാത്തിരിക്കുന്നു. അവിടത്തെ തിരിച്ചറിഞ്ഞ് അംഗീകരിച്ച് ആരാധനാഭാവങ്ങളോടെ അവിടത്തെ സന്നിധിയിൽ അണയുവാനും പരിശുദ്ധ കുർബ്ബാനയിലൂടെ ഉൾക്കൊള്ളുവാനും ലഭിക്കുന്ന അവസരങ്ങൾ പാഴാക്കിയാൽ നമുക്കുമാത്രമല്ല നമ്മുടെ തലമുറകൾക്കും അത് തീരാനഷ്ടമാകും. നമ്മുടെ ഇടവകനാഥന്റെ ആസ്ഥാന വേദിയിൽനിന്നും നമ്മെ അകറ്റിക്കൊണ്ടു പോകുന്ന ശാരീരികവും, മാനസീകവും, വൈകാരീകവും, സംഘാതവുമായ വശീകരണ പ്രലോഭനശക്തികളെ തിരിച്ചറിഞ്ഞ് അവയെ തന്റേടത്തോടെ ഒഴിവാക്കാൻ ശ്രമിക്കുക. സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ശക്തികളെ കൂട്ടുപിടിക്കരുതെന്ന വിശുദ്ധ പൌലോസിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കാം(Eph.6.12). ഈശോയെ ഹൃദയനാഥനാക്കുന്നവൻ കല്ലുകളെ അപ്പമാക്കാനുള്ള പ്രലോഭനങ്ങളുടെ ചതിക്കുഴികളിൽ വീഴില്ല. അതിന് മറ്റാരെയും പ്രലോഭിപ്പിക്കയില്ല. നമ്മുടെ മലയാളി കത്തോലിക്കാ ഇടവകയുടെ ഐക്യവും ഭദ്രതയും വൈകാരികമായ അടുപ്പവും കൗദാശിക കൂട്ടായ്മയും ക്ഷയിപ്പിക്കുന്ന സകല സ്വാധീനശക്തികളേയും ജാഗ്രതയോടും വിവേകത്തോടുംകൂടെ നമുക്ക് അകറ്റി നിർത്താം. എസക്കിയേൽ പ്രവാചകനിലൂടെ കർത്താവ് നമുക്ക് നൽകുന്ന പ്രത്യാശയുടെ വചനങ്ങൾ ശ്രവിക്കാം: ഒരു പുതിയ ഹൃദയം നിങ്ങൾക്ക് ഞാൻ നൽകും. ഒരു പുതിയ ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും. എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും(Ez. 36. 26f). അങ്ങനെ നമുക്ക് സമീപസ്ഥനാകുന്ന കർത്താവിന്റെ കൃപയും അനുഗ്രഹവും നമുക്കെല്ലാവർക്കും അനുഭവവേദ്യമാകട്ടെയെന്ന് ആശംസിക്കുന്നു. സ്നേഹാശംസകളോടെ,

P. Thomas Thandappilly CST, ICC Chaplain. P. Joy Plathottathil SVD, ICC Assistant Chaplain

## ***Please note the following guidelines***

1. Kindly be aware of the structural nature and the liturgical status of the Indian Catholic Community – ARGE AAG. This is a personal (categorial, non-territorial) foreign-language Community for all the Malayalee Catholics who have registered legally at Magistrate in the canonical boundary of the Archdiocese of Vienna, functioning under the guidance of the ARGE AAG Rektorate. Any Malayalee Catholic born from both the Malayalee parents or from even one of the Malayalee parents is a ipso facto member of the Indian Catholic Community, belonging liturgically to the Syro Malabar Unit, the Knanaya Unit, Syro Malankara Unit or to the Kerala Latin Unit of the Indian Catholic Community. The Archbishop of Vienna has given canonical authority (Dekret) to the Chaplain and together with him to the Assistant Chaplain in order to attend to the liturgical, pastoral and spiritual needs of the Malayalee Catholics in Vienna, excluding Malayalee Priests and Malayalee Religious who are stationed within the Archdiocese of Vienna. For the special needs of the Malankara Unit, a Spiritual Animator is also made available. Kindly contact these concerned Priests for your spiritual and liturgical needs and also for any service which you expect from the Malayalee Catholic Parish authority with "proper delegation" from the local bishop. Kindly avoid agencies of "**Selfies**"(Self-assumed authorities) who have no proper delegation from proper authorities for proper liturgical services, particularly for Sacraments in the oriental Rites of Syro Malabar and Malankara.

2. If you want to organize any liturgical, spiritual and pastoral programme exclusively for the Malayalee Catholics in Vienna, kindly inform the Chaplain/Assistant Chaplain/ Spiritual Animator of the Indian Catholic Community. Those include Pilgrimages, Retreat Programmes, any organised Event, etc.

3. Kindly inform the Chaplain/Assistant Chaplain/Spiritual Animator for collecting funds from the Malayalee Catholics in Vienna for the purpose of spiritual, liturgical and pastoral needs. Please note that it is a criminal offence to collect money publically or privately without the legal permission from proper authorities.

4. If you have any need to contact the Büro of the Indian Catholic Community, please use the contact number: 01 817 42 06, which remains live for 24 hours with a telephone recorder. If you want any document from the Indian Catholic Community, you must register at the Indian Catholic Community.

5. Please also note that the appointed Priests of the Indian Catholic Community are available to any liturgical, pastoral and spiritual needs of the Malayalee Catholics and their families in the Archdiocese of Vienna. Contact them for their priestly services and for proper guidance for you and for your family.

## Important Events in November and December 2015

1. Marriage Preparation Course: 26th , 27th and 28th November, from 14.00hrs to 18.00hrs. All the members of the Syro Malabar Church are requested to attend a Marriage Preparation Course of the Syro Malabar Church.
2. Nicholausfeier for Children and Youth: 6th December, from 14. 00hrs in Stadlau Hall
3. **Ecumenical Carol Prayer Programme: 13th December, from 15.00 hrs in Maria Lourdes**
   **3 *Groups for Competition*: Juniors: 10th to 15th Years, Youth : 15th to 20th Years, Seniors: 20th Year onwards.**
   **A-type: Music without any accompaniment. B-type: Music with accompaniment.**
   **Rolling TROPHIES will be given to First, Second and Third of the A-type and B-type Competition. 2 Groups without Competition: Juniors till 10th Birthday; Others from 10th Birthday.**

4. Kairaly Nikethan Christmas Gathering: 19th December, from 16 hrs to 18 hrs in Kairaly Nikethan School.

5. Christmas Confession: 20th December: 10. 45 to 13.00hrs in Meidling; 16.45 to 19.00hrs in Stadlau.

6. **Christmas Liturgy in Syro Malabar Rite: Friday, 25th December 15. 00 in Maria Lourdes**
   **„ in Syro Malankara Rite: Thursday, 24th December 19.00 hrs in Breitenfeld**

7.Jahresschluß –Thanksgiving Mass: Thursday 31st December 19. 45 hrs Maria Lourdes

8. New Year and First Friday Holy Mass and Adoration: 1st Jan. 2016 at 19.00 hrs to 20.30 in Stadlau.

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*